# ഉമ്മൻചാണ്ടിക്ക് പ്രണാമം

മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ദേഹവിയോഗം ജനങ്ങളെയും നാടിനെയും നടുക്കിയിരിക്കുകയാണ്. അസുഖബാധിതൻ ആയിരുന്നെങ്കിലും അദ്ദേഹത്തിന്റെ വേർപാട് അപ്രതീക്ഷിതമാണ്. ശാന്തശീലനും സത്യസന്ധനും നീതിമാനും കരുത്തനായ ഭരണാധികാരിയും രാഷ്ട്രീയഭേദമെന്യേ ഏവർക്കും ഉപകാരിയും ആയിരുന്ന ഒരു നേതാവിനെയാണ് തന്മൂലം നമുക്ക് നഷ്ടമായിരിക്കുന്നത്. മതസാമുദായികനേതാക്കളുമായി കരുതലോടുകൂടിയതും സുദൃഢവും ആയ ബന്ധം കാത്തുസൂക്ഷിക്കാൻ അദ്ദേഹം എന്നും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. നായർ സർവീസ് സൊസൈറ്റിയുമായുള്ള അദ്ദേഹത്തിന്റെ ബന്ധവും അത്തരത്തിൽ ഉള്ളതായിരുന്നു. സ്വാർത്ഥതാൽപര്യങ്ങൾ വെടിഞ്ഞ്, സാധാരണക്കാർ നേരിടുന്ന അവഗണനയ്ക്കെതിരെ അദ്ദേഹം എന്നും ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു.

മന്നത്തുപത്മനാഭന്റെ കാലത്തും, ഒരു വിഭാഗം ജനങ്ങളെ മുന്നാക്കമെന്നു മുദ്രകുത്തി അവർക്ക് നീതി നിഷേധിക്കുന്ന സാഹചര്യമാണ് ഇവിടെ നിലനിന്നിരുന്നത്. അത്തരക്കാരുടെ അവശതകൾ പരിഹരിക്കുന്നതിന് നായർ സർവീസ് സൊസൈറ്റി, മാറിമാറിവന്ന കേന്ദ്ര-സംസ്ഥാനസർക്കാരുകളോട് കേണപേക്ഷിച്ചിട്ടും നിരവധി നിവേദനങ്ങൾ നല്കിയിട്ടും പ്രതിഷേധങ്ങൾ സംഘടിപ്പിച്ചിട്ടും സമരമുറകൾ സ്വീകരിച്ചിട്ടും സർക്കാരുകൾ എല്ലാംതന്നെ അതിനെയെല്ലാം അവഗണിക്കുന്ന നയമാണ് സ്വീകരിച്ചുവന്നത്.

ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായുള്ള സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് എൻ.എസ്.എസ്. ഉന്നയിക്കുന്ന വിഷയങ്ങൾ ഒരു സമുദായത്തിനു വേണ്ടി മാത്രമല്ല, 164 ജാതികൾ ഉൾക്കൊള്ളുന്ന വലിയൊരു വിഭാഗത്തിനു വേണ്ടിയാണ് എന്നും, അത് പരിഹരിക്കേണ്ടത് സർക്കാരിന്റെ കടമയാണെന്നും ബോദ്ധ്യപ്പെട്ട് അതിനുവേണ്ട പരിഹാരമാർഗ്ഗങ്ങളെപ്പറ്റി ചിന്തിച്ചത്. തൽഫലമായാണ് ആ വിഭാഗത്തിനു വേണ്ടിയുള്ള മുന്നാക്കകമ്മീഷനും അവരുടെ സാമ്പത്തികവും തൊഴിൽപരമായ ഉയർച്ചക്കു വേണ്ടിയുള്ള മുന്നാക്കസമുദായക്ഷേമകോർപ്പറേഷനും നിലവിൽ വന്നത്.

നിയമനകാര്യത്തിൽ ദേവസ്വം ബോർഡിൽ നടന്നുവന്ന അഴിമതികൾ അവസാനിപ്പിക്കുന്നതിനുവേണ്ടി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽവന്നതും ഇക്കാലത്താണ്.

ഒരു ജീവിതകാലം മുഴുവൻ സമൂഹത്തിനും രാജ്യത്തിനും വേണ്ടി സമർപ്പണം ചെയ്ത കർമ്മയോഗിയായ മന്നത്തുപത്മനാഭനോടുള്ള ആദരസൂചകമായി അദ്ദേഹത്തിന്റെ ജന്മദിനം വൈകിയാണെങ്കിലും പൊതുഅവധിയായി പ്രഖ്യാപിച്ചതും ഈ കാലഘട്ടത്തിലാണ്.

മറ്റു വിഭാഗങ്ങൾക്കുള്ള അവകാശങ്ങളൊന്നും ഹനിക്കാതെ, എല്ലാ വിഭാഗത്തിനും തുല്യനീതി ലഭിക്കണമെന്നുള്ള ഉമ്മൻചണ്ടിയുടെ കാഴ്ചപ്പാടിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണ് ഇവയൊക്കെ.

അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ജാതി-മത-രാഷ്ട്രീയഭേദമില്ലാതെ കേരളജനതയുടെ പ്രതികരണം നാം കണ്ടതാണ്. ഇപ്പോഴും അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിക്കാനുള്ള ജനങ്ങളുടെ വാഞ്ഛയ്ക്ക് യാതൊരു കുറവും വന്നിട്ടില്ല. ജനമനസ്സുകളിൽ മറ്റാർക്കും കിട്ടാത്ത വിധമുള്ള സ്ഥാനമുറപ്പിക്കാൻ നിസ്വാർത്ഥമായ പ്രവർത്തനത്തിലൂടെ ഉമ്മൻചാണ്ടിക്ക് കഴിഞ്ഞു എന്നതാണ് മറ്റുള്ള നേതാക്കളിൽനിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്.